
# ദർശനം
Voice of Karattukunnel



കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 3 | ലക്കം 1 | ഓഗസ്റ്റ് 2008 | പേജ് 6


## വികാരി എഴുതുന്നു...

"ദൈവതിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ."

കർത്താവിൽ വാത്സല്യമുള്ളവരേ,

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന നമ്മുടെ ഇടവക ദേവാലയം ഇന്ന് ശതാബ്ദിയോട് അടുത്തു കൊണ്ടിരിക്കുന്നു. ഇടവക പള്ളിയുടെ ആത്മീകവും ലൗകികവുമായ പുരോഗതിയിൽ സന്തോഷിക്കുകയും അതിൽ പങ്കാളികളാകുകയും ചെയ്തുകൊണ്ടിരിക്കുന്ന എന്റെ എല്ലാ ഇടവകാംഗങ്ങൾക്കും നല്ലവരായ എല്ലാ നാട്ടുകാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

വി. ശൂനോയോ പെരുന്നാളിനോടനുബന്ധിച്ചു യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന "ദർശനം" ത്രൈമാസപത്രികയെ പ്രോൽസാഹിപ്പിക്കുകയെന്നത് എല്ലാവരുടേയും കടമയാണ്. യുവാക്കളുടെ സാഹിത്യ വാസന പ്രകടമാക്കുവാൻ ഈ മാധ്യമത്തിലൂടെ അവർക്ക് സാധിക്കുന്നതാണ്.

ഇടവകാംഗങ്ങൾ ഈ പള്ളിയോടുള്ള സ്നേഹവും ആദരവും പ്രകടമാക്കുന്നതിന്റെ ഉദാഹരണമാണ് ഇപ്പോഴുള്ള പുരോഗമന പദ്ധതികൾ. ആത്മീയ ഉയർച്ചയുടെ പ്രതിഫലനമാണ് "ശൂനോയോ സംഗമം." ഇവയെല്ലാം ഇടവകയുടെ സമഗ്ര പുരോഗതിക്ക് ഇടയാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



നമുക്ക് സ്നേഹവും ഉപദേശവും നൽകി നയിക്കുന്ന ഇടവക മെത്രാപ്പോലീത്തായോടുള്ള ആദരവും നന്ദിയും അവിടുത്തേക്ക് അറിയിക്കുന്നു.


വി. ദൈവമാതാവിനോടും പ. പരുമല തിരുമേനിയോടുമുള്ള മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

നിങ്ങളുടെ സ്വന്തം വികാരിയച്ചൻ

**ഫാ. തോമസ് ആൻഡ്രൂസ് മള്ളിയിൽ**

## "നമ്മളിപ്പോൾ ഷോപ്പിംഗ് ക്രിസ്ത്യാനികളായിരിക്കുന്നു"

**അഭി. ഗീവർഗ്ഗീസ് മാർ ഇവാനിയോസ് തിരുമേനിയുമായി സൺഡേസ്കൂൾ - യുവജനപ്രസ്ഥാനം അംഗങ്ങൾ നടത്തിയ അഭിമുഖത്തിൽ നിന്നും.**



**1. അങ്ങയുടെ ബാല്യത്തെപ്പറ്റി വിവരിക്കാമോ?**

ജനനം മാർത്തോമ്മാ സഭയിലാണ്. സൺഡേസ്കൂൾ പഠനം സി. എസ്. ഐ പള്ളിയിലായിരുന്നു. പിതാവിന്റെ രണ്ട് സഹോദരിമാരാണ് ഓർത്തഡോക്സ് വിശ്വാസം പരിചയപ്പെടുത്തിയത്.

**2. മറക്കാനാവാത്ത സംഭവം?**

1). യു. കെ. യിൽ മിണ്ടാമഠത്തിൽ താമസിച്ച സമയം. 2). 1978-ൽ കാൻസർ രോഗം ബാധിച്ച സമയം.

**3. വൈദിക വൃത്തിയിലേക്ക് പ്രവേശിക്കുന്നവർക്കുള്ള സന്ദേശം?**

വളരെ സൂക്ഷിച്ചു വേണം വൈദിക ജീവിതത്തിലേക്ക് കടക്കുവാൻ. (തമാശപൂർവ്വം) പത്ത് വർഷം പഠിച്ച് ഇറങ്ങിയാൽ 5000/- രൂപയാണ് ലഭിക്കുക. മറ്റ് മേഖലകളിൽ ആണെങ്കിൽ 25000/- രൂപ ലഭിക്കും.

ഇതൊരു വെല്ലുവിളിയാണ്. ദൈവം നടത്തും എന്ന പ്രത്യാശയോടെ വേണം വൈദിക ജീവിതം തിരഞ്ഞെടുക്കുവാൻ. നമ്മുടെ കർത്താവിന് ഈ ലോകം നൽകിയത് മരക്കുരിശ് ആണെന്ന കാര്യം വിസ്മരിക്കരുത്.

**4. സഭയിൽ സ്ത്രീകളുടെ സാന്നിധ്യത്തെക്കുറിച്ച്?**

സ്ത്രീകൾ വീടു ഭരിക്കാനായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. നല്ലൊരു അമ്മയായി, വീട്ടമ്മയായി മക്കളെ സമൂഹത്തിനും സഭയ്ക്കും കൊള്ളാവുന്നവരായി വളർത്തിയെടുക്കുവാനുള്ള ദൗത്യം ദൈവം അവരെ ഏല്പിച്ചിരിക്കുന്നു. സ്ത്രീകൾക്ക് അർഹമായ സ്ഥാനമാണ് സഭ നൽകിയിരിക്കുന്നത്. അമ്മ എന്ന മഹത്തായ സ്ഥാനം.

**5. ഇതര സഭകളുടെ ആരാധനയുമായുള്ള വ്യത്യാസം?**

നമ്മുടെ സഭ ഇതര സഭകളെ അപേക്ഷിച്ച് ആരാധനയിൽ ദൈവസംസർഗ്ഗത്തിന് കൂടുതലായി പ്രാധാന്യം നൽകുന്നു.

**6. രോഗങ്ങളോടും കഷ്ടതകളോടുമുള്ള തിരുമേനിയുടെ സമീപനം?**

കഷ്ടതകളേയും രോഗങ്ങളേയും രണ്ടു രീതിയിൽ സമീപിക്കാം.

പാപകരമായ ജീവിതം നയിക്കുന്ന ഒരാൾക്ക് അനുതപിച്ച് വിശുദ്ധ ജീവിതത്തിലേക്ക് കടന്നുവരുന്നതിനും, വിശുദ്ധ ജീവിതം നയിക്കുന്ന വ്യക്തിക്ക് കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാനും ഉള്ള അവസരമായി ഇതിനെ കാണാം. കഷ്ടതയിൽ നിന്ന് ഒളിച്ചോടാതെ യഥാർത്ഥ വിശ്വാസി എല്ലാം നേരിടണം, സന്തോഷത്തോടെ സ്വീകരിക്കണം.

**7) സഭാകേസ് എന്തിന്?**

*(ശേഷം 2-ാം പേജിൽ)*

## ആത്മ നിറവിന്റെ ദിനങ്ങൾ...



**ശൂനോയോ സംഗമം മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു**

## ഭദ്രാസനതല സംഗീത മത്സരം

കോട്ടയം: യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന തേക്കുങ്കൽ ലിജിൻ മാത്യു മെമ്മോറിയൽ സംഗീത മത്സരം ഈ വർഷം സെപ്റ്റംബർ 13 ന് ശനിയാഴ്ച നടത്തപ്പെടുന്നതാണ്. കോട്ടയം, കോട്ടയം സെൻട്രൽ ഭദ്രാസനങ്ങളിലെ 10-നും 16-നും ഇടയ്ക്ക് പ്രായമുള്ള സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.


## മെത്രാപ്പോലീത്താ തിരഞ്ഞെടുപ്പ്: സ്ക്രീനിംഗ് കമ്മിറ്റി തീരുമാനം ചോദ്യം ചെയ്ത ഹർജി തള്ളി

കോട്ടയം: മലങ്കരസഭയിലെ മെത്രാൻ തിരഞ്ഞെടുപ്പ് നടപടികൾ നിർത്തിവയ്പ്പിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി അഡീഷണൽ ജില്ലാ ജഡ്ജി അമീർ അലി തള്ളി.

സഭാ മാനേജിംഗ് കമ്മിറ്റിയംഗങ്ങളായ കെ. പി. പോൾസൺ, പി. ഐ. യൽദോ എന്നിവരായിരുന്നു ഹർജിക്കാർ. തിരഞ്ഞെടുപ്പ് നടപടിക്രമം അനുസരിച്ച് 14 പേരെ സ്ക്രീനിംഗ് കമ്മിറ്റി കണ്ടെത്തി മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്ക്രീനിംഗ് കമ്മിറ്റി 10 പേരെയേ അർഹരായ സ്ഥാനാർത്ഥികളായി കണ്ടെത്തിയുള്ളൂ. സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശയെ മലങ്കര മെത്രാപ്പോലീത്താ അംഗീകരിക്കുകയും, 14 പേരിൽ നിന്ന് 11 പേരെ മാനേജിംഗ് കമ്മിറ്റി തിരഞ്ഞെടുക്കണമെന്നത് 10 പേരിൽ നിന്ന് 9 പേരെ തിരഞ്ഞെടുക്കണമെന്നാക്കി മലങ്കര അസോസിയേഷൻ അംഗങ്ങൾക്ക് കല്പന അയക്കുകയും ചെയ്തു.

തിരഞ്ഞെടുപ്പിൽ ഏതു സമയത്തും ഇടപെടുകയും ഭേദഗതികൾ വരുത്തുകയും ചെയ്യുവാനുള്ള മലങ്കര മെത്രാപ്പോലീത്തായുടെ അവകാശത്തെ കോടതി അംഗീകരിക്കുകയും ഹർജി തള്ളുകയുമാണ് ചെയ്തത്.

41-ാം ചരമദിനം (13/8/08)



**ടി. സി. മാത്യു (മാത്തുച്ചൻ) (97)**
**തേക്കുങ്കൽ, അമയന്നൂർ**

4-ാം ചരമവാർഷികം (06/7/08)



**അന്നമ്മ മാത്യു (87)**
**തേക്കുങ്കൽ, അമയന്നൂർ**

**മക്കളും കൊച്ചുമക്കളും**

## എഡിറ്റോറിയൽ

ദർശനം

പുസ്തകം 3 ലക്കം 1 ഓഗസ്റ്റ് 2008

പ്രിയപ്പെട്ട വായനക്കാരെ,

ദർശനത്തിന്റെ ഈ വർഷത്തെ 1-ാം പതിപ്പ് പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന ഓരോരുത്തരോടുമുള്ള നന്ദി അറിയിക്കട്ടെ. ഏതൊരു ആത്മീയ സംഘടനയും ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നം ക്രിയാത്മകമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ കുറവും പുതിയ പ്രവർത്തകരെ ആകർഷിക്കാൻ കഴിയാത്തതുമാണ്.

നമ്മുടെ ആത്മീയ സംഘടനകളിൽ ഏറ്റവും പ്രധാനപ്പെട്ടത് സൺഡേസ്കൂളാണല്ലോ. യുവജനപ്രസ്ഥാനത്തിലേക്കും മറ്റെല്ലാ ആത്മീയ സംഘടനകളിലേക്കും സർവോപരി പള്ളിയുടെ ഭരണകാര്യങ്ങളിലും എല്ലാം കടന്നുവരുന്നതിന് താത്പര്യമുണ്ടാകുന്നത് സൺഡേസ്കൂൾ പഠനകാലത്ത് തന്നെയാണ്. ഒരു യഥാർത്ഥ വിശ്വാസിയെ ഫലംകായ്ക്കുന്ന വൃക്ഷമായി കണക്കാക്കാമെങ്കിൽ പ്രാർത്ഥനയും മാതൃകാ ജീവിതവുമുള്ള മാതാപിതാക്കന്മാരുള്ള കുടുംബത്തെ വളക്കൂറുള്ള മണ്ണിനോടുപമിക്കാം. പള്ളിയും ആത്മീയ സംഘടനകളും ആ മരത്തെ വളരാൻ സഹായിക്കുന്ന വെള്ളവും വളവുമായി കണക്കാക്കാം. ഇവയെല്ലാം ശരിയായി ലഭിച്ചെങ്കിൽ മാത്രമേ നല്ല ഫലം നല്കുന്ന മരമായി, നല്ല തണൽ നൽകുന്ന വൃക്ഷമായി അഥവാ ഒരു ചെടിയെങ്കിലുമായി തീരുവാൻ സാധിക്കുകയുള്ളു. യുവജനപ്രസ്ഥാനത്തിലേക്കും മറ്റ് ആത്മീയ സംഘടനകളിലേക്കും കൂടുതലായി കുട്ടികളെ അയക്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ.

എല്ലാ വായനക്കാർക്കും പെരുന്നാളിന്റേയും സ്വാതന്ത്ര്യദിനത്തിന്റേയും തിരുവോണത്തിന്റേയും ആശംസകൾ.

നിങ്ങളുടെ എഡിറ്റർ,

**സ്ലീബാ സി. ഏബ്രഹാം**

## ദർശനം

### എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**

റവ: ഫാ: തോമസ് ആൻഡ്രൂസ്

**എഡിറ്റർ**

സ്ലീബാ സി ഏബ്രഹാം

**ബോർഡ് മെമ്പേഴ്സ്**

റോണി ഏബ്രഹാം

സന്തോഷ് ഏബ്രഹാം

റോയി ജേക്കബ്

ജോഷി ഒ. ജെ.

അനീഷ് പി. സ്കറിയ

ടിൻസു ജോൺ

### ഇവർ പ്രസ്ഥാനത്തെ നയിക്കുന്നു
### യുവജനപ്രസ്ഥാനം
### ഭാരവാഹികൾ (2008-2009)

**റവ: ഫാ: തോമസ് ആൻഡ്രൂസ് മള്ളിയിൽ (പ്രസിഡണ്ട്)**

**റോണി ഏബ്രഹാം (വൈസ് പ്രസിഡന്റ്)**

**ജോഷി ഒ. ജെ. (സെക്രട്ടറി)**

**മാത്യു പൈലി (ജോയിന്റ് സെക്രട്ടറി & പ്രോഗ്രാം കോർഡിനേറ്റർ)**

**വനിതാ പ്രതിനിധകൾ:- ടിൻസു ജോൺ, ആഷ്നാ മേരി ജോൺ**

**ലൈബ്രേറിയൻ:- മാണി ഐപ്പ്**

**ജോയിന്റ് ലൈബ്രേറിയൻ:- നിമ്മി മോൾ കുരുവിള, ഫിലിപ്പ് .സി. പോൾ**

**മാർ ദീവന്നാസ്യോസ് പ്രാർത്ഥനയോഗം:- സന്തോഷ് ഏബ്രഹാം**

**എം. ജി. എം ആർട്സ് & സ്പോർട്സ് ക്ലബ്:- ബോബി കെ. ഏബ്രഹാം, ബിനി വറുഗീസ്**

**സ്മോൾ സേവിങ്ങ് സ്കീം:- മാത്യൂസ് ഏബ്രഹാം**

**ആഡിറ്റേഴ്സ്:- ഡെന്നി ജേക്കബ് തോമസ്, അനീഷ് പി. സ്കറിയ**

# നമ്മളിപ്പോൾ ഷോപ്പിംഗ്...

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

കേസിന്റെ അടിസ്ഥാനം എന്നത് അനധികൃതമായി പട്ടമേറ്റവരെ സഭയിൽ ഉൾപ്പെടുത്താൻ സാദ്ധ്യമല്ല എന്നതാണ്. മറ്റു സഭകളെല്ലാം എക്യുമെനിസം പറയുന്നു എങ്കിലും ഇത്തരം കാര്യങ്ങളിൽ നമ്മെക്കാളും കണിശക്കാരാണ്.

സത്യത്തിനു വേണ്ടിയാണ് നാം നിലകൊള്ളുന്നതും, കോടതിയെ സമീപിച്ചതും. ഇത് പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കണം.

**7. നമ്മുടെ സഭയിൽ വൈദികർക്ക് മൂന്നു വർഷത്തിലൊരിക്കൽ സ്ഥലംമാറ്റമാണ്: മേൽപ്പട്ടക്കാർക്കിത് ബാധകമല്ലേ?**

മേൽപ്പട്ടക്കാർ എന്നത് അതാത് ഭദ്രാസനത്തിനായി വാഴിക്കപ്പെടുന്നവരാണ്. ഇടവകപട്ടക്കാർ ഉള്ള പള്ളികളിൽ അവരെ സ്ഥിരമായി നിർത്തുന്നതുപോലെ. എങ്കിലേ ഭദ്രാസനങ്ങൾക്ക് പുരോഗതി ഉണ്ടാവൂ. ഇടവകപട്ടക്കാർ ഉള്ള പള്ളികളുടെ പുരോഗതി നമുക്ക് പരിശോധിക്കാവുന്നതാണ്.

**8. രാത്രി ആരാധനയിലെ സമയമാറ്റം വീണ്ടും പുനഃസ്ഥാപിച്ചതെന്തിനാണ്?**

ചില കാര്യങ്ങളിൽ ആ സമയമാറ്റം ഗുണം ചെയ്തു. ഉദാഹരണത്തിന് പങ്കെടുത്തവരുടെ എണ്ണം ഇരട്ടിയിലധികമായി. കുർബ്ബാന അനുഭവം അതിന്റേതായ രീതിയിൽ നടക്കാത്തതിനാലാണ് വീണ്ടും പഴയ സമയം തിരഞ്ഞെടുത്തത്.

**9. നമ്മുടെ സഭ ധ്യാനകേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കാത്തത് എന്തുകൊണ്ടാണ്?**

നമുക്ക് ധ്യാനകേന്ദ്രമെന്നത് പള്ളി തന്നെയാണ്. പള്ളി എപ്പോഴും തുറന്നിടണം. ഏതൊരാൾക്കും എപ്പോൾ വേണമെങ്കിലും വന്ന് പ്രാർത്ഥിക്കുവാനുള്ള അവസരമുണ്ടാവണം. പള്ളികളിലെപ്പോഴും വൈദികരുമുണ്ടാവണം. ഈ രീതിയിലേക്ക് സഭ വളരേണ്ടിയിരിക്കുന്നു.

**10. യുവാക്കൾക്ക് നല്കുന്ന സന്ദേശം?**

നമ്മളിപ്പോൾ ഷോപ്പിംഗ് ക്രിസ്ത്യാനികളായിരിക്കുന്നു. നമുക്ക് ലഭിക്കുന്ന ലാഭത്തെ അടിസ്ഥാനമാക്കി മാത്രം ആത്മീയകാര്യങ്ങളെ സമീപിക്കുന്ന പ്രവണതയാണ് കാണുന്നത്. മനുഷ്യൻ മനുഷ്യനാകണമെങ്കിൽ പ്രകൃതിയിലേക്ക് മടങ്ങി വരണം. അതിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും വേണം. പ്രാർത്ഥന, നോമ്പ്, ഉപവാസം ഇവ ഉള്ളവരാകണം. വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരും അനുഭവിക്കുന്നവരുമാകണം. ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

**മെഡിവിഷൻ**



# മഴക്കാലത്തെ ആരോഗ്യം

**ഡോ. ബിനോജ് കെ ജോസ്**

**(കൊറ്റത്തിൽ ആയുർവേദിക് സെന്റർ, ചപ്പാത്ത് അമയന്നൂർ ഫോൺ: 2545588)**

**ഓ**രോ ഋതുവിലും കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് മനുഷ്യന്റെ ശരീര മനസ്സുകൾക്കുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായ രീതിയിൽ അവയെ പാകപ്പെടുത്താനാവശ്യമായ പ്രത്യേക ചര്യകൾ ഏറ്റവും ആധികാരികമായി നിർദ്ദേശിച്ചിട്ടുള്ളത് ആയുർവ്വേദ ചികിത്സാ ശാസ്ത്രത്തിലാണ്. നമ്മുടെ ശരീരത്തെ രോഗാണുക്കളിൽ നിന്ന് പ്രതിരോധിച്ച്രോഗഗ്രസ്ഥമാകാതെ കാത്തുസൂക്ഷിക്കുന്നത് ആന്തരാഗ്നിയാണ് (രോഗപ്രതിരോധ ശേഷി). ആഹാരത്തിന്റെ ശരിയായ ദഹനം, ആഗീരണം വിസർജനം, ആഹാരത്തിലൂടെ പ്രവേശിക്കുന്ന വിഷവസ്തുക്കൾ, രോഗാണുക്കൾ എന്നിവയെ നശിപ്പിക്കുക എന്നത് ഈ ശക്തിയുടെ പ്രവർത്തനഫലമാണ്. മഴക്കാലത്ത് അഗ്നിക്ക് ദൗർബല്യം സംഭവിച്ച് ശരീരം രോഗാതുരമാകുന്നു. വേനലിന്റെ ചൂടിനാൽ നിഷ്ക്രീയമായിരുന്ന രോഗാണുക്കളും മഴ കൂടുന്നതോടെ സജീവമാകുന്നു.

വർഷകാലത്ത് വാതസംബന്ധമായ രോഗങ്ങൾ കൂടുതലായി പ്രത്യക്ഷപ്പെടുന്നു. കുടിവെള്ളത്തിലൂടെ ടൈഫോയിഡ്, അതിസാരം, ഛർദ്ദി മുതലായ രോഗങ്ങൾ പകരുന്നു. ജലദോഷം, ചുമ, ശ്വാസകോശരോഗങ്ങൾ, അലർജി, മഞ്ഞപ്പിത്തം, വർഷകാലത്ത് കൂടുതലായി കാണുന്നു. ത്വക്ക് രോഗങ്ങളായ വളംകടി, എക്സിമ, മറ്റു ഫംഗൽ രോഗങ്ങൾ (പുഴുക്കടി മുതലായവ) എന്നിവയും വായുവിലൂടെ പകരുന്ന ഇൻഫ്ളുവൻസ, ന്യുമോണിയ, കുട്ടികൾക്കുണ്ടാകുന്നതും ഹൃദയ പേശികളെ ബാധിക്കുന്നതുമായ കവാസാക്കി തുടങ്ങിയ രോഗങ്ങളും ഇക്കാലത്ത് പ്രത്യക്ഷപ്പെടുന്നു. എലി മൂത്രത്തിൽ നിന്ന് ത്വക്കിലെ മുറിവ്, വായ, കണ്ണ് എന്നീ മാർഗങ്ങളിലൂടെ പകരുന്ന എലിപ്പനി (ലെപ്റ്റോ സ്പൈറോസിസ്) ഭക്ഷണ പാനീയങ്ങളിലൂടെ പകരുന്ന മഞ്ഞപ്പിത്തം (ഹെപ്പറ്റൈറ്റീസ്) കൊതുകു പരത്തുന്ന ചിക്കുൻ ഗുനിയ, നടുവേദനയോടും കണ്ണുവേദനയോടും കൂടിയ ഡെങ്കിപ്പനി, മസ്തിഷ്ക തകരാറുണ്ടാക്കുന്ന ജപ്പാൻ ജ്വരം മുതലായവയും ഇക്കാലത്താണ് കൂടുതലായി ഉണ്ടാകാറുള്ളത്.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**


രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശക്തി സംഭരിക്കുന്നതിനോടൊപ്പം ശരീരത്തിന് ഉന്മേഷവും ഉണർവും ലഭിക്കുന്നതിനാവശ്യമായ ചികിത്സാ ക്രമങ്ങളും ജീവിതചര്യകളുമാണ് വർഷകാലത്താവശ്യം. *കർക്കിടക ചികിത്സ* കേരളത്തിൽ വളരെ പ്രചാരം നേടിക്കഴിഞ്ഞു. ശരീരത്തിന്റെ ആന്തരികാഗ്നിയും (രോഗ പ്രതിരോധശക്തി) ദഹനശക്തിയും വർദ്ധിപ്പിക്കുകയും മാലിന്യങ്ങളെ ശരീരത്തിൽനിന്നും പുറം തള്ളുന്നതുമായ ചികിത്സ ചെയ്യണം. രോഗത്തിന്റെയും രോഗിയുടെയും അവസ്ഥയ്ക്കനുസരിച്ചും, കാലത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തും ഓരോ വ്യക്തിക്കും വ്യത്യസ്തമായ ചികിത്സകളാണ് വേണ്ടത്. എന്നാലും പൊതുവായി അഭ്യംഗം (എണ്ണ തേപ്പ്) ചെയ്യുക എന്നത് വർഷകാലത്തിൽ വിശേഷപ്പെട്ടതാണ്. എല്ലാ ദിവസവും ദേഹത്തും തലയിലും കാൽപ്പാദത്തിലും എണ്ണപുരട്ടി കുളിക്കണം. പുളിയില, കരിനൊച്ചിയില, മുരിങ്ങയില, മുതലായ വാതശമന ഇലകളിട്ട് തിളപ്പിച്ചാറിയ വെള്ളം കുളിക്കുന്നതിന് ഉപയോഗിക്കണം. ഇപ്രകാരം ചെയ്യുന്നതുമൂലം വാതരോഗങ്ങൾ ശമിക്കും. ദേഹത്തിന് പുഷ്ടി, കരുത്ത്, ശരിയായ രക്തചംക്രമണം എന്നിവ ഉണ്ടാകും. നിത്യേനയുള്ള കുളി ബാഹ്യ ശരീരത്തെ മാലിന്യമുക്തമാക്കുന്നതിനോടൊപ്പം ശരീരത്തിന് ഊർജ്ജവും ബലവും നൽകുന്നു. വർഷകാലത്ത് ലഘുവായ വ്യായാമങ്ങൾ മാത്രമേ ചെയ്യാവൂ. അതുപോലെ കർക്കിടകക്കഞ്ഞിയുടെ ഉപയോഗം, പിഴിച്ചിൽ, ഞവരക്കിഴി തുടങ്ങിയ കേരളീയ ചികിത്സാക്രമങ്ങളുടെ പ്രയോഗം, വിരേചനം പോലുള്ള ശോധന ചികിത്സകൾ മുതലായവ വൈദ്യനിർദ്ദേശമനുസരിച്ച് ചെയ്യുന്നത് വർഷകാലരോഗങ്ങളെ ചെറുക്കുന്നതിന് ഉപകരിക്കും.

ദഹനാഗ്നി ഒട്ടും ദുർബലപ്പെടുത്താത്തതും ദീപനവും പാചനവുമായ ആഹാരപാനീയങ്ങളാണ് ഉപയോഗിക്കേണ്ടത്. ആഹാരം ചൂടോടുകൂടി മാത്രം ഉപയോഗിക്കണം. കുരുമുളക്, കായം, ജീരകം, അയമോദകം മുതലായവ കറികളിലും മറ്റും ഉപയോഗിക്കാം. ചുക്ക്, തിപ്പലി, തേൻ, നെയ്യ് എന്നിവ ചേർന്നതും പഴകിയ ധാന്യങ്ങൾക്കൊണ്ടുള്ളതുമായ ആഹാരങ്ങൾ കൂടുതലായി കഴിക്കണം. മറ്റു രോഗങ്ങളുടെ ഉപദ്രവങ്ങളില്ലാത്തവർക്ക് മധുരരസം കൂടുതലായി ഉപയോഗിക്കാം. കിഴങ്ങുവർഗ്ഗങ്ങൾ കഴിവതും ഒഴിവാക്കണം. മോര്, തൈര് മുതലായവ കാച്ചി മാത്രം ഉപയോഗിക്കുക. ആഹാരത്തിന് എരിവും പുളിയും കുറയ്ക്കണം. കുടിക്കുന്നതിനുള്ള വെള്ളം തുളസി, ചുക്ക്, ജീരകം, ഏലയ്ക്ക മുതലായവയിലേതെങ്കിലുമൊന്നിട്ട് തിളപ്പിച്ചാറിയതായിരിക്കണം.

മദ്യപാനം, പുകവലി മുതലായവ പൂർണ്ണമായി ഒഴിവാക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യണം. പകലുറക്കം രാത്രി ഉറക്കമിളപ്പ് എന്നിവ ഒട്ടും അഭികാമ്യമല്ല.

ധരിക്കുന്ന എല്ലാ വസ്ത്രങ്ങളും ഏറ്റവും ശുചിത്വമുള്ളതായിരിക്കണം. ഇറുകിയതോ, ഈർപ്പം ഉള്ളതോ ആയ വസ്ത്രങ്ങൾ ഉപയോഗിക്കരുത്. ആഹാരം കഴിക്കുന്നതിനു മുൻപും മലമൂത്ര വിസർജ്ജനത്തിനു ശേഷവും കൈകൾ സോപ്പുപയോഗിച്ച് കഴുകണം. ആഹാരസാധനങ്ങൾ അടച്ച് മാത്രം സൂക്ഷിക്കുക. കിണറിനു ചുറ്റും മതിൽകെട്ടി മലിനജലം കിണറ്റിലേയ്ക്ക് ഒഴുകിയെത്തുന്നത് തടയണം. കിണറിനോട് ചേർന്ന് കുളി, തുണിയലക്കൽ മുതലായവ ചെയ്യരുത്. കക്കൂസ്, തൊഴുത്ത് തുടങ്ങിയവ കിണറിൽ നിന്ന് 15 മീറ്ററെങ്കിലും അകലെയായിരിക്കണം. എലികളെ നശിപ്പിക്കുകയും പെരുകുന്നത് തടയുകയും ചെയ്യണം. എപ്പോഴും ചെരുപ്പുപയോഗിക്കണം. മുറിവുള്ളപ്പോൾ വെള്ളത്തിലിറങ്ങരുത്. വെള്ളം കെട്ടിനിന്ന് കൊതുകുകൾ പെരുകുന്നത് തടയണം. മുറിക്കുള്ളിൽ കൊതുകുകടിയേൽക്കാതിരിക്കാനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടത്.

# നർമ്മം: ചിന്തനീയം



**നൂ**റ്റാണ്ടുകൾ പാരമ്പര്യമുള്ള നമ്മുടെ സഭയുടെ ആരാധന എത്രയും ശ്രേഷ്ടതയുള്ളതാണെന്ന് നിസംശയം നമുക്ക് പറയുവാൻ സാധിക്കും. ഈ സ്വർഗ്ഗീയ ആരാധനയെ, പലപ്പോഴും പുസ്തകം നോക്കി വായിക്കാത്തതും പാടാത്തതും കൊണ്ട് നാം തന്നെയാണ് വികലവും അലങ്കോലവുമാക്കുന്നത്. കേട്ട ചിലത് ഉദാഹരണങ്ങളായി ചേർക്കുന്നു.

'മക്കളുമപ്പനും കൃപചെയ്വതുപോലെ ഹാ......'

'ഋതുമതികൾക്കിരുളിൽ ദ്യുതിയുളവായി'

'നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമവർ പല ഭാഗത്തിൽ'


'ഉന്നതപദവിയിലേറിയിതാ ഇന്നിപ്പോൾ പാട്ടക്കാരൻ'

ഒരു ഗ്ലോബിന്റെ മുകളിൽ ഗീവർഗീസ് സഹദായുടെ പ്രതിമ കണ്ടിട്ട് ഒരു കൊച്ചു കുട്ടി: പപ്പാ ഇതിനാണോ നമ്മൾ കുർബ്ബാനയിൽ പാടുന്നത്

'ഒരുപോലിങ്ങും മോർ ഗീവറുഗീസ് സഹദാ
ഉണ്ടേമേലും നിന്നോർമ്മ'

**ബ്ര. ജൂബിൻ കരപ്പായിൽ**

# ജീവനുള്ള പ്രത്യാശ



## ഫാ. വറുഗീസ് മാത്യു (സുനിലച്ചൻ)

**ജീ**വിതവിജയത്തിനു വേണ്ടി സ്വയത്തിൽ ആശ്രയിക്കുന്ന ഒരാളും ദൈവത്തിൽ പ്രത്യാശ വയ്ക്കുന്ന ഒരാളും തമ്മിൽ എന്താണ് വ്യത്യാസം? പ്രസിദ്ധ ഗ്രന്ഥകാരനായ ഹാരൾഡ് കുഷ്നർ ഇത് സംബന്ധിച്ച് പറയുന്ന മറുപടി ഇപ്രകാരമാണ്:

"തന്നിൽ തന്നെ ആശ്രയിക്കുന്ന ആളുകൾ മോശമായ കാര്യങ്ങൾ മാത്രം ചെയ്യുമെന്നോ ദൈവത്തിൽ പ്രത്യാശയുള്ളവർ നല്ല കാര്യങ്ങൾ ചെയ്യുമെന്നോ ആരും കരുതേണ്ട. തന്നിൽ തന്നെ ആശ്രയിക്കുന്ന നിരീശ്വരവാദി ഒരു പക്ഷെ നല്ലൊരു മനുഷ്യനായിരിക്കാം. എന്നാൽ അങ്ങനെയുള്ള മനുഷ്യൻ മരുഭൂമിയിലെ കുറ്റിച്ചെടി പോലെയാണ്. കാരണം, എന്തു കാര്യത്തിനും തന്നിലെ ശക്തിയിൽ മാത്രമേ അവർക്ക് പ്രത്യാശയുള്ളൂ. തന്നിലെ ശക്തി തീരുമ്പോൾ അവൻ ദുഃഖിതനായി തീരുന്നു. എന്നാൽ ദൈവത്തിൽ പ്രത്യാശയുള്ള മനുഷ്യൻ പുഴയരികിൽ പടർന്നു പന്തലിച്ച് നിൽക്കുന്ന വന്മരത്തിന് തുല്യനാണ്. അങ്ങനെയുള്ളവരുടെ ശക്തി ദൈവമാകയാൽ അവരുടെ ശക്തി ഒരിക്കലും വറ്റിപ്പോകില്ല."

സ്വയത്തിൽ ലവലേശംആശ്രയിക്കാതെ ദൈവത്തിലുള്ള പ്രത്യാശയിൽ ജീവിത പന്ഥാവ് തെളിച്ച സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാണ് പരിശുദ്ധ ദൈവമാതാവ്. മാതാവ് ജീവനുള്ള പ്രത്യാശയുടെ മകുടോദാഹരണമാണ്. മാതാവിന്റെ വാങ്ങിപ്പ് പെരുന്നാൾ ആഘോഷിക്കുന്ന ഈ സമയത്ത് പ്രത്യാശയിലൂടെ നിത്യതയുടെ മടിയിൽ വിശ്രമിക്കുന്ന മാതാവിന്റെ ജീവിതത്തെ അല്പമായി ധ്യാനിക്കാം.

**ആർക്കാണ് പ്രത്യാശയുള്ളത്?**

(ഭാവിയിൽ നിറവേറേണ്ട ആശയാണ് പ്രത്യാശ)

"കൃപ ലഭിച്ചവളേ, നിനക്കു വന്ദനം, കർത്താവ് നിന്നോടുകൂടെ ഉണ്ട്" (ലൂക്കോ 1:28). മാതാവിന് സ്വർഗ്ഗത്തിൽ നിന്നും ലഭിച്ച അനുഗ്രഹ വചനമാണിത്. മാതാവ് ദൈവസാനിധ്യം നിറഞ്ഞവളായിരുന്നു. അതുകൊണ്ട് തന്നെ സകല പ്രതികൂലതകളിലും പ്രത്യാശ നിറഞ്ഞിരുന്നു. ദൈവമുള്ളവർക്കാണ് പ്രത്യാശയുള്ളത്. ദൈവമില്ലാത്തവർക്കും പ്രത്യാശയുണ്ട് പക്ഷേ, അത് സ്വയത്തിലുന്നിയതും നശിക്കുന്നതുമാണ് (സദൃ. 11:7). ദൈവമില്ലാത്തവർക്ക് പ്രത്യാശ തന്നെ ഇല്ല എന്ന് പൗലോസ് ശ്ലീഹ പറയുന്നു (എഫെ. 2:12). പ്രത്യാശയില്ലാത്തവർക്ക് നിരാശയും ദുഃഖവും ഉണ്ടാവുന്നു (1 തെസ്സ 4:13).

**പ്രത്യാശ വയ്ക്കേണ്ടത് എന്തിലാണ്?**

നാം നമ്മുടെ ശുഭഭാവിയെക്കുറിച്ച് പ്രത്യാശിക്കുന്നു. ചിലപ്പോൾ ഭാവിജീവിതം ദുഃഷ്കരമായി ഭവിക്കുന്നു. അങ്ങനെ നാം ആശിക്കുന്നതും വന്നു ഭവിക്കുന്നതും വൈരുദ്ധ്യങ്ങളായി തീരുന്നു. സത്യത്തിൽ നാം എന്തിലാണ് പ്രത്യാശ വയ്ക്കേണ്ടത്. പരി. മാതാവ് തന്റെ പ്രത്യാശ മുഴുവൻ ദൈവത്തിൽ വച്ചു. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ". (ലൂക്കോ 1:38) ദൈവത്തിൽ സകലവും സമർപ്പിച്ച മാതാവിന്റെ പ്രത്യാശ സ്വയത്തിലല്ലായിരുന്നു. യഹോവയിൽ പ്രത്യാശയുള്ളവൻ ഭാഗ്യവാനാണെന്ന് സങ്കീർത്തനക്കാരൻ പറയുന്നു (സങ്കീ. 146:5, തീത്തോസ് 2:12). നമ്മുടെ പിതാക്കന്മാരുടെ പ്രത്യാശ യഹോവയായിരുന്നു (യെരമ്യാവ് 50:7). പരിശുദ്ധനായ പൗലൂസ് ശ്ലീഹാ തന്റെ ലേഖനങ്ങളുടെ ആരംഭത്തിൽ യേശുവാണ് പ്രത്യാശ എന്ന് ഉറപ്പിച്ച് പറയുന്നു (1 തീമോ 1:1, 1 തെസ്സ1:3, കൊലോ 1:27). യേശുവിലുള്ള പ്രത്യാശ നമ്മെ ഭാഗ്യാവസ്ഥയിലേക്ക് നയിക്കുന്നു. പരിശുദ്ധ മാതാവിനെ സകല ലോകങ്ങളും ഭാഗ്യവതി എന്ന് വാഴ്ത്തുവാൻ കാരണവും ഇതുതന്നെയാണ് (ലൂക്കോ 1:48, 45).

(a) **പ്രത്യാശയുള്ളവരുടെ ഭാഗ്യാവസ്ഥ എന്ത്?**

ദൈവത്തിലുള്ള പ്രത്യാശ നമ്മെ നിർമ്മലീകരിക്കുന്നു (1 യോഹ. 3:3).

(ദൈവത്തിലുള്ള പ്രത്യാശ നമ്മെ നൈർമല്യത്തിലേക്ക് നയിക്കുന്നു.) ദൈവം നിർമലനായിരിക്കുന്നതുപോലെ അത് നമ്മെയും നിർമലമാക്കുന്നു. ദൈവീക പ്രത്യാശയുള്ളവരുടെ ബോധം സ്വയത്തിൽ ശൂന്യമായി ദൈവത്തിൽ നിറയുന്നു. അവൻ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു. സദാ ആകുലനാകുന്നു. ദൈവീക പ്രത്യാശ നമ്മെ സമാധാനത്തിൽ പുലർത്തും. സമാധാനം തെളിവുള്ള സ്വസ്ഥമായ മനസ്സിനെ തരുന്നു. പ്രശ്നകലുഷിതമായ ചിന്തകൾ നമ്മെ ദുഷ്ടതയിലേക്കും നിരാശയിലേക്കും വലിച്ചിഴയ്ക്കുവാൻ ഇടയാകുന്നു.


(b) **ദൈവ പ്രത്യാശ നമ്മെ അവന്റെ കൂടാരമാക്കുന്നു (എബ്ര 3:6).**


ദൈവത്തിലുള്ള പ്രത്യാശയുടെ ധൈര്യം മുറുകെ പിടിച്ചാൽ നാം അവന്റെ ഭവനം ആകുമെന്ന് പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു (എബ്രാ. 3:6). പ്രത്യാശയിൽ ജീവിക്കുന്നവന്റെ ഉള്ളിൽ ദൈവമുണ്ട്. അങ്ങനെയുള്ളവരുടെ ഹൃദയം കള്ളൻ തുരക്കുകയോ തുരുമ്പ് പിടിക്കുകയോ ഇല്ല (മത്താ 6:19). പ്രത്യാശ സകല കപടതയും അംഗീകരിക്കുന്നു. ഏകാത്മാവിൽ ആരാധിക്കുവാൻ പഠിപ്പിക്കുന്നു (എഫെ 4:4). ദൈവം വസിക്കുന്ന ഭവനത്തിൽ ദുഷ്ടത വാഴുന്നില്ല. അങ്ങനെ നാം ദൈവത്തിന്റെ മക്കളായി വാഴുവാൻ ഇടയാകുന്നു. പരിശുദ്ധ മാതാവ് കർത്താവിന്റെ മാതാവായി തീർന്നതുപോലെ നമുക്കും യേശുവിന്റെ മാതാവും, സഹോദരനും, സഹോദരിയുമായി തീരുവാൻ പ്രത്യാശ ഇടയാക്കുന്നു (മത്താ 12:50).

**(c) ദൈവപ്രത്യാശ നമ്മെ ജീവനുള്ള ദേഹിയാക്കുന്നു (1 പത്രോ 1:3, 4).**

ദൈവീകമായ പ്രത്യാശ നമ്മെ സജീവരാക്കുന്നു. കാരണം ഈ പ്രത്യാശ മരണത്തിലും സമൃദ്ധമായ ജീവൻ നൽകുന്നതാണ് (സദൃ. 14:32). ക്രിസ്തുവിന്റെ കൂടെ നിത്യമായി വാഴാനുള്ള പ്രത്യാശയാണ് നമുക്ക്

*(ശേഷം 6-ാം പേജിൽ)*




**ടി. എ. ചാക്കോച്ചൻ തൂത്തൂട്ടിക്കൽ (പള്ളി ട്രസ്റ്റി), ജോൺ കുരുവിള വഴനത്തോട്ടത്തിൽ (പള്ളി സെക്രട്ടറി), വി. എ. ജോൺ ചേരിയിൽ, ടി. എ. ഏബ്രഹാം വഴനത്തോട്ടത്തിൽ (ശൂനോയോ സംഗമം ജോ. കൺവീനർമാർ), മാത്യു വർഗീസ് പ്ലാക്കിൽ (ശുശ്രൂഷകൻ)**

# കാരാട്ടുകുന്നേൽ ദൈവമാതാവിന്റെ പള്ളി ശതാബ്ദി നിറവിലേയ്ക്ക്


## മാത്യു കെ. യു. ചെറുകുന്നേൽ

(കൺവീനർ, ശൂനോയോ സംഗമം)

**ക**ഴിഞ്ഞ നൂറു വർഷം മുമ്പ് നമ്മുടെ പൂർവീകരാൽ സ്ഥാപിതമായ ദൈവമാതാവിന്റെ നാമത്തിലുള്ള കാരാട്ടുകുന്നേൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ 13 വർഷമായി ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനോടനുബന്ധിച്ച് ശൂനോയോ പെരുന്നാളും ശൂനോയോ സംഗമവും ആഘോഷിക്കുന്നു. ആധുനിക യുഗത്തിൽ ദൈവമാതാവിന്റെ സ്ഥാനം ഓർത്തഡോക്സ് സഭയിൽ എത്ര വലുതായി കാണുന്നു എന്ന് ഈ നോമ്പാചരണവും ശൂനോയോ പെരുന്നാളും നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ദൈവമാതാവ് 51-ാം വയസിൽ യരുശലേമിൽ വച്ച് നിര്യാണം പ്രാപിച്ചുവെന്നും ശ്ലീഹന്മാർ സുവിശേഷ വേല ചെയ്തുകൊണ്ടിരുന്ന സ്ഥലങ്ങളിൽ നിന്ന് അത്ഭുതകരമായി മാതൃസന്നിധിയിൽ വന്നെത്തിയെന്നും അവർ ബഹുമതിപൂർവ്വം ഗത്സമന തോട്ടത്തിൽ നമ്മുടെ കർത്താവ് പ്രാർത്ഥിച്ച സ്ഥലത്തോട് അധികം അകലെയല്ലാത്ത സ്ഥലത്ത് വിശുദ്ധ മാതാവിനെ സംസ്ക്കരിച്ചെന്നും അതിന്റെ മൂന്നാം ദിവസം അവളുടെ പുത്രന്റെ കല്പനപ്രകാരം മാലാഖമാരാൽ അവളുടെ ശരീരം ഉയരത്തിലേക്ക് എടുക്കപ്പെട്ടുവെന്നും മാർത്തോമാ ശ്ലീഹാ ഇന്ത്യയിൽ നിന്നും എത്തിയത് അപ്പോഴാണെന്നും, സങ്കടത്തോടെ അനുഗ്രഹത്തിനായി നിലവിളിച്ച ശ്ലീഹായുടെ കയ്യിൽ വിശുദ്ധ മാതാവിന്റെ ഇടക്കെട്ട് വന്നുപതിച്ചുവെന്നും വിശുദ്ധ മാതാവിന്റെ ഉന്നതത്തിലേക്കുള്ള വാങ്ങിപ്പിന്റെ (ശൂനോയോ) പ്രത്യക്ഷലക്ഷ്യമായി അത് തീർന്നുവെന്നുമാണ് സഭയുടെ ശ്രേഷ്ഠ പാരമ്പര്യം. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സഭ എട്ടു പെരുനാളുകൾ ആഘോഷിക്കുന്നുണ്ട്. ഓഗസ്റ്റ് 15 -ന് ശൂനോയോ പെരുനാൾ കൊണ്ടാടുന്നു.

ഈ വർഷത്തെ ശൂനോയോ സംഗമം കണ്ടനാട് വെസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. മൂന്നാം തീയ്യതി ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് ഇടവക സന്ദർശിച്ചു. പുതുക്കിപ്പണിയുന്ന ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശിൻതൊട്ടിയുടെ ശില അഭിവന്ദ്യ തിരുമേനി ആശീർവദിച്ചു. തൃക്കുന്നത്ത് സെമിനാരി മാനേജർ ബഹുമാനപ്പെട്ട ഫാ. മത്തായി ഇടയനാൽ, പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഇടവകാംഗമായ ഫാ. ടി. എ. ജേക്കബ് തേക്കുങ്കലും സന്നിഹിതരായിരുന്നു.



15-ാം തീയ്യതി വാങ്ങിപ്പു പെരുന്നാളിന് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ കുരിയാക്കോസ് മാർ ക്ലിമ്മീസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കപ്പെടും. നമ്മുടെ ഇടവകയിലെ ബഹുമാനപ്പെട്ട ഫാ. ടി. എ. ജേക്കബ് തേക്കുങ്കലും ഫാ. വർഗ്ഗീസ് മാത്യുവും വിശുദ്ധ കുർബ്ബാനയ്ക്ക് സഹകാർമികത്വം വഹിക്കും.

രാപകലില്ലാതെ പള്ളിയുടെ നിർമ്മാണ-പുരോഗമന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഫാ. തോമസ് ആൻഡ്രൂസ് മള്ളിയിൽ ശൂനോയോ സംഗമത്തിന് നേതൃത്വം നൽകുന്നു. പള്ളിയിലും ചാപ്പലിലും വിവിധ ഭവനങ്ങളിലും വച്ച് നടത്തപ്പെടുന്ന ശൂനോയോ സംഗമങ്ങളിൽ ഓർത്തഡോക്സ് സഭയിലെ പ്രശസ്തരായ വൈദികർ സന്ദേശം നൽകുന്നു.

വരും വർഷങ്ങളിലും ശൂനോയോ സംഗമവും ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളും പതിനഞ്ചു നോമ്പും ഭംഗിയായി ആഘോഷിക്കുവാൻ ദൈവമാതാവിൽ ശരണപ്പെട്ടുകൊണ്ട്.


**ജന്മദിന ആശംസകൾ**



**മെറിൻ കുര്യൻ പുതിയപുരയിടത്തിൽ തുത്തൂട്ടി**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ഒ. എം. നൈനാൻ ഉടുമ്പനാട്ടും കുടുംബവും**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ആബിച്ചൻ, അച്ചു പുറങ്കാവിൽ**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**അലൻ**

**വി. യൂദാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ഏലിയാമ്മ**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**വട്ടത്തിൽ ഫാമിലി**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**റ്റി. എം. പൈലി കല്ലാർ പുതുവയലും കുടുംബവും**

**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**തോമസ്കുട്ടി പുത്തൻപുരയിലും കുടുംബവും**

**പ. പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ഒരു വിശ്വാസി**

**മാർത്തോമ്മാശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ചേരിയിൽ ഫാമിലി**


**ദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ജെ. തോമസ് ഉടുമ്പനാട്ടും കുടുംബവും**

# പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ നിറവിൽ റ്റി. എ. ജേക്കബ് കശീശ്ശാ

ഡോ. കുര്യൻ കുരുവിള ഉടുമ്പനാട്ട്, മാത്യു വി. എം. വാലയിൽ



**പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന റവ. ഫാ. റ്റി. എ ജേക്കബ് (തേക്കുങ്കൽ)**

അമയന്നൂരിൽ തെക്കേക്കരയിലായ വഴണ തോട്ടത്തിൽ (തേക്കുങ്കൽ) ശ്രീ. T.C ഏബ്രഹാമിന്റെയും അന്നമ്മ ഏബ്രഹാമിന്റെയും കനിഷ്ക പുത്രനായി 1935 ഫെബ്രുവരി മാസം 8–ാം തീയതി ജേക്കബ് ജാതനായി. പാപ്പച്ചി എന്നായിരുന്നു മാതാപിതാക്കൾ നൽകിയിരുന്ന ഓമന പേര്. പ്രാഥമിക വിദ്യാഭ്യാസം അമയന്നൂർ St. Thomas School ൽ പൂർത്തിയാക്കി. അമയന്നൂർ സ്കൂളിൽ ആയിരുന്നു മിഡിൽ സ്കൂൾ പഠനം മണർകാട് St. Mary's School ൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തികരിച്ചു. സ്കൂൾ അഭ്യാസന കാലത്തിൽ അദ്ധ്യാപകരുടെ സ്നേഹം പിടിച്ചുപറ്റിയിരുന്ന ജേക്കബ് സഹപാഠികൾക്കും പ്രിയപ്പെട്ടവനായിരുന്നു. മാതാപിതാക്കളുടെ ഉത്തമ ശിഷണത്തിൽ വളർന്നു വന്ന ജേക്കബിനെ ബാല്യത്തിൽത്തന്നെ ദൈവത്തിനായി സമർപ്പിച്ചു. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന മാതൃദേവാലയമായ കാരാട്ടുകുന്നേൽ St. Mary's Orthodox പള്ളിയുടെ സമീപത്തായിരുന്നു പാപ്പച്ചിയുടെ ജന്മഗൃഹം. ആ കാലയളവിൽ ഇടവകവികാരിയായിരുന്ന നരിമറ്റത്തിൽ യോഹന്നാൻ അച്ചൻ ജേക്കബിനെ ദൈവത്തിങ്കലേക്ക് കൂടുതൽ അടുപ്പിക്കുവാൻ കാരണമായി. യോഹന്നാൻ മൽപ്പാൻ അച്ചനോട് ഒപ്പം പള്ളിയിൽ താമസിച്ച കാലം ജേക്കബ് അച്ചൻ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. ഒരു വൈദികനായി ദൈവത്തിന്റെ പ്രേക്ഷിത വേലയിൽ പങ്കാളികയാകുന്നതിനുള്ള ദൃഢ നിശ്ചയം 1953 എം. ഡി. സെമിനാരിയിൽ ചേർന്ന് പഠിക്കുന്നതിന് പ്രേരകമായി.

1957–ൽ സെമിനാരി പഠനം പൂർത്തിയാക്കി 1958–ൽ സ്വന്തം ഇടവകയായ അമയന്നൂർ കരാട്ടുകുന്നേൽ St. Mary's പള്ളിയിൽ വച്ച് കോട്ടയം ഇടവകയുടെ നി. വ. ദി. ശ്രീ. മാത്യൂസ് മാർ ഈവാനിയോസ് (പാറേട്ട്) മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. ഇതിനോടകം കോട്ടയം സി. എം. എസ് കോളേജിൽ പ്രി യൂണിവേഴ്സിറ്റി പഠനത്തിനു ചേർന്നു. തനിക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയിൽ ബ്രഹ്മചര്യത്തോടു കൂടി ജീവിക്കണമെന്ന് Dn. T. A. Jacob അതിയായി ആഗ്രഹിച്ചു, ദൃഢനിശ്ചയം എടുക്കുകയും ചെയ്തു. 1958 ജൂലൈ മാസം 19–ാം തീയതി അതായത് ശെമ്മാശനായി വെറും മൂന്നു മാസം കഴിഞ്ഞപ്പോൾ വൈദീക സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന നി. വ. ദി. ശ്രീ. മാത്യൂസ് മാർ അത്താനാസ്യോസ് (വട്ടക്കുന്നേൽ) തിരുമനസ്സിൽ നിന്നും Dn. T. A. Jacob കശ്ശീശ്ശാ പട്ടം സ്വീകരിച്ചു.

താമസിയാതെ തന്നെ ബഥനിയിലെ മട്ടക്കൽ മാർ തേവോദോസ്യോസ് തിരുമനസ്സുകൊണ്ട് യുവ വൈദികനെ കൽക്കത്ത പള്ളിയുടെ സഹവികാരിയായി നിയമിച്ചു. സ്വന്തമായി സ്ഥലമോ പള്ളിയോ ഇല്ലാതിരുന്ന അവസരത്തിൽ കൽക്കത്തയിൽ എത്തിയ ജേക്കബ് അച്ചൻ കൽക്കത്താ പള്ളിയുടെ നിർമ്മാണത്തിൽ സാരമായ പങ്കുവഹിച്ചു. വടക്കേ ഇന്ത്യയിൽ ബംഗാൾ, ബീഹാർ, ഒറീസ്സാ എന്നീ സംസ്ഥാനങ്ങളിൽ ഉടനീളം സഞ്ചരിച്ച് വിശ്വാസികളെ തിരഞ്ഞ് അന്വേഷിച്ച് അവർക്ക് ദിവ്യബലി കാണുന്നതിനും അനുഭവിക്കുന്നതിനും ഉള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നതിൽ ജേക്കബച്ചൻ ശുഷ്കാന്തി കാട്ടിയിരുന്നു. അന്നത്തെ സാഹചര്യം എന്നു പറയുന്നത് വാഹനസൗകര്യം തുലോം കുറവായിരുന്നു. തീവണ്ടിയിലും കാളവണ്ടിയിലും കാൽനടയായും സഞ്ചരിക്കുന്ന മദ്ബഹയും ആയി നടന്ന് കുർബ്ബാന അർപ്പിക്കുകയും സഭാമക്കളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്നതിന് ബഹു. അച്ചന് സാധിച്ചു എന്നത് നിസ്സാരമായ ഒരു കാര്യമല്ല. കൽക്കത്തയിൽ താമസിക്കുമ്പോൾ സെന്റ് സേവിയേഴ്സ് കോളേജിൽ നിന്നും ബി. എ. ബിരുദം കരസ്ഥമാക്കി. 1963–ൽ ജബൽപൂർ പള്ളിയിലേക്ക് സ്ഥലംമാറ്റം ഉണ്ടായി. ദിനരാത്രഭേദമില്ലാതെ കഠിനാദ്ധ്വാനത്തിൽ ഏർപ്പെട്ടിരുന്ന അനേകം സഭാവിശ്വാസികൾ ഉണ്ടായിരുന്ന സ്ഥലമായിരുന്നു ജബൽപൂർ. നാടും വീടും വിട്ട് ജോലിതേടി എത്തുന്നവരും വളരെയായിരുന്നു. ഏവരെയും സഭാവിശ്വാസത്തിൽ പിടിച്ചു നിർത്തുന്നതിനും അവരുടെ ആത്മീയ കാര്യങ്ങൾ യഥാസമയം നടത്തിക്കൊടുക്കുന്നതിൽ ബഹു. അച്ചൻ കിണഞ്ഞു പരിശ്രമിച്ചിരുന്നു. തനിക്ക് സ്വാധീനം ചെയ്യാൻ പറ്റുന്ന മേഖലകളിൽ സ്വാധീനം ചെലുത്തി പലർക്കും ജീവിതമാർഗ്ഗം തരപ്പെടുത്തിക്കൊടുക്കുന്നതിലും അച്ചൻ ശ്രദ്ധിച്ചിരുന്നു. ഈ അവസരത്തിൽ ജബൽപൂർ യൂണിവേഴ്സിറ്റിയിൽ നിന്നും. എം. എ. ബിരുദം കരസ്ഥമാക്കി.

1965–ൽ വേദശാസ്ത്ര ഉപരിപഠനത്തിനായി സഭ അച്ചനെ തിരഞ്ഞെടുത്ത് ബൽജിയത്തിന് അയച്ചു. മൂന്ന് വർഷം ബൽജിയത്തിൽ താമസ്സിച്ചു ലുവയിനിൽ യൂണിവേഴ്സിറ്റിയിൽ നിന്നും വേദശാസ്ത്ര ഉപരിപഠനം പൂർത്തിയാക്കി. ഈ കാലയളവിൽ ലഭിച്ച അവധിക്കാലങ്ങളിൽ ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാൻഡ്, ഇറ്റലി എന്നീ രാജ്യങ്ങളെ ബഹു. അച്ചൻ സന്ദർശിക്കുകയുണ്ടായി.

1968–ൽ നാട്ടിൽ തിരിച്ചെത്തിയ അച്ചൻ കൊല്ലാട്ട് St. Pauls പള്ളി വികാരിയായി നിയമിക്കപ്പെട്ടു. 1970–ൽ വീണ്ടും ബാഹ്യ കേരള ഭദ്രാസനത്തിൽ അബുദാബി, ദുബായ്, മസ്ക്കറ്റ് എന്നീ ഇടവകകളുടെ വികാരിയായി നിയമിതനായി. അബുദാബിയിൽ താമസമാക്കിയ അച്ചൻ St. George ന്റെ നാമത്തിൽ അബുദാബിയിലെ ആദ്യ ഓർത്തഡോക്സ് ദേവാലയം നിർമ്മിക്കുന്നതിന് പരിശ്രമിച്ചു. അബുദാബി ഭരണാധികാരിയെ നേരിൽകണ്ട് പള്ളി വയ്ക്കുന്നതിനുള്ള അനുവാദവും ആവശ്യമായ സ്ഥലവും ചോദിച്ചുവാങ്ങി. മണൽ ഇഷ്ടികയിലും ആസ്ബസ്റ്റോസ് കൊണ്ടും ആണ് ആദ്യ ദേവാലയം നിർമ്മിച്ചത്. പള്ളിയോടു ചേർത്തു പണിത മുറിയിൽ താമസ്സവും ആക്കി. അബുദാബിയിലെ ആ ഓർത്തഡോക്സ് ദേവാലയത്തിന്റെ കൂദാശകർമ്മം ബാഹ്യ കേരള ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുകയും ചെയ്തു. ദുബായിൽ പള്ളിയുണ്ടാക്കുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തി. പള്ളിപണി തുടങ്ങി വച്ചു. പൂർത്തീകരിക്കുന്നതിന് മുൻപായി സ്ഥലം മാറ്റമുണ്ടായി. മസ്ക്കറ്റിൽ ആദ്യമായി ഒരു കോൺഗ്രഗേഷൻ ഉണ്ടാക്കുന്നതിനും ഓർത്തഡോക്സ് സഭയുടെ വി. കുർബ്ബാന ആദ്യമായി ഒമാനിൽ അർപ്പിക്കുന്നതിനും ഭാഗ്യം ലഭിച്ചത് ബഹു. ജേക്കബച്ചന് ആയിരുന്നു. അബുദാബി, ദുബായ്, മസ്ക്കറ്റ് എന്നീ ഇടവകകളിലെ അച്ചന്റെ സേവനത്തെപ്പറ്റി ഈ പള്ളികളുടെ സുവനീറുകളിൽ സവിസ്ഥരം പ്രതിപാദിക്കുന്നുണ്ട്.

ബാഹ്യകേരള ഭദ്രാസന സെക്രട്ടറിയായും ബഹു. അച്ചൻ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഭദ്രാസനത്തിന്റെ വികസനത്തിന് അച്ചൻ ചെയ്ത സേവനം വളരെ വിലപ്പെട്ടതായിരുന്നു.

1973–ൽ കേരളത്തിൽ തിരിച്ചെത്തിയ ജേക്കബച്ചൻ കുമരംകോട് ചാപ്പലിൽ വികാരിയായി നിയമിതനായി. ഈ ചാപ്പൽ ഇടവകപള്ളി ആക്കിത്തീർക്കുന്നതിനും അച്ചൻ ചെയ്ത സേവനം വളരെ വിലപ്പെട്ടതായിരുന്നു.

1974–75 ൽ ഓതറ മന്ദിരത്തിന്റെ ചുമതല വഹിച്ചു. തുടർന്ന് കോയമ്പത്തൂർ പള്ളിയുടെ വികാരിയായി നിയമിതനായ അച്ചൻ പള്ളിവകയായി ഒരു സ്കൂൾ നിർമ്മിക്കുന്നതിന് നേതൃത്വം കൊടുത്തു. 1977–ൽ ബോംബെ ദാദർ പള്ളി വികാരിയായി നിയമിതനായി. 1980–84 കാലയളവിൽ നട്ടാശ്ശേരി St. Thomas പള്ളി വികാരിയായി സേവനം അനുഷ്ഠിച്ചു.

1984–ൽ താഴത്തങ്ങാടി ചാപ്പലിന്റെ വികാരിയായി നിയമിക്കപ്പെട്ടു. ചാപ്പൽ എന്ന സ്ഥിതിയിൽ നിന്നും ഇടവകപള്ളി എന്ന നിലയിൽ എത്തിക്കുവാൻ ജേക്കബച്ചൻ സഹിച്ച ത്യാഗം താഴത്തങ്ങാടി ഇടവകാംഗങ്ങൾ ഇന്നും ഏറ്റുപറയുന്ന സത്യമാണ്. പുതുക്കി പണിത താഴത്തങ്ങാടി പള്ളി പാരിഷ് ഹാൾ, പ. വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിൽ കുരിശുംതൊട്ടി, ചാരിറ്റബിൾ സൊസൈറ്റി, ആതുരസേവനം ചെയ്തുവരുന്ന ക്ലിനിക്ക് ഇവയൊക്കെയും ജേക്കബച്ചന്റെ ത്യാഗപൂർണ്ണമായ സേവനത്തിന്റെ മായാത്ത സ്മരണകളായി. താഴത്തങ്ങാടിയിലെ ഇടവകജനങ്ങൾ കരുതുന്നു. താൻ ഏറ്റെടുക്കുന്ന ദൗത്യം വിജയതീരത്ത് എത്തിച്ചല്ലാതെ വിശ്രമിക്കുന്ന പതിവ് ജേക്കബച്ചനില്ല. ഇതിനിടയിൽ 1992 മുതൽ 94 വരെ ബോംബെ അരമന മാനേജർ എന്ന നിലയിൽ സേവനം അനുഷ്ഠിച്ചു. വീണ്ടും 1995–ൽ താഴത്തങ്ങാടിയിൽ വികാരിയായി ചുമതല ഏറ്റെടുത്തു.

**മാർ ഈവാനിയോസ് ഐ. റ്റി. സി.**

കോട്ടയം, കോട്ടയം സെൻട്രൽ, ഇടുക്കി എന്നിങ്ങനെ കോട്ടയം ഭദ്രാസനം മൂന്നായിട്ട് വിഭജിക്കുന്നതിന് മുമ്പുള്ള കാലയളവിൽ കോട്ടയം ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ വൈസ്പ്രസിഡന്റായി സേവനമനുഷ്ടിച്ചു. ആ കാലയളവിൽ ഒരു ഐ. റ്റി. സി. നിലയ്ക്കൽ പള്ളിയിൽ ആരംഭിക്കുകയും സ്ഥലസൗകര്യാർത്ഥം ഐ. റ്റി. സി. പാമ്പാടി ദയറായിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

**കോട്ടയം സെൻട്രൽ ഭദ്രാസന സെക്രട്ടറി**

ബഹു. അച്ചന്റെ സേവനകാലയളവിൽ സെൻട്രൽ ഭദ്രാസനത്തിൽ വൈദീകരുടെ സ്ഥലംമാറ്റം മറ്റു ഭദ്രാസനങ്ങളിലെപ്പോലെ നിലവിൽ വരുത്തുന്നതിന് ബഹു. അച്ചൻ വഹിച്ച പങ്ക് വളരെ വലുതായിരുന്നു. സ്വയം വിരമിച്ചുകൊണ്ടാണ് മറ്റു വൈദികർക്ക് അവസരങ്ങൾ കൊടുത്തത്. കൃത്യനിർവ്വഹണത്തിനിടയിലെ എതിർപ്പുകളെ മിതഭാഷിയായ അച്ചൻ പുഞ്ചിരിയോടെ മാത്രമാണ് നേരിട്ടിരുന്നത്. അതായിരുന്നു അച്ചന്റെ വിജയ രഹസ്യവും.

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഓഫീസ് സെക്രട്ടറിയായി പരിശുദ്ധ കാതോലിക്കാ ബാവ നിയമിക്കുകയുണ്ടായി. ക്രിയാത്മകമായി തന്നെ ഓഫീസ് സെക്രട്ടറി എന്ന നിലയിൽ ബഹു. അച്ചന് പ്രവർത്തിക്കുവാൻ സാധിച്ചു.

സ്വയം റിട്ടയർ ചെയ്ത അച്ചൻ മഹാരാഷ്ട്രയിലെ റോഹ എന്ന സ്ഥലത്തെ കമ്യൂണിറ്റി സെന്ററിന്റെ ചുമതലയിൽ കഴിയുമ്പോൾ 2005–ൽ കണ്ടനാട് ഭദ്രാസനത്തിന്റെ അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് തിരുമനസ്സുകൊണ്ട് അച്ചനെ തിരികെവിളിക്കുകയും ഓണക്കൂർ പള്ളി വികാരിയായി നിയമിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ പിറമാടത്ത് മന്ദബുദ്ധികളായ കുട്ടികളെ ശുശ്രൂഷിക്കുന്ന പ്രത്യാശഭവന്റെ ചുമതല കൂടി അച്ചൻ വഹിക്കേണ്ടി വന്നു. പ്രത്യാശാ ഭവനിലെ ജീവിതം അച്ചന് വളരെ സന്തോഷം പകർന്നുകൊടുത്ത അവസരം ആയിരുന്നു. ശാരീരിക ക്ഷീണം മൂലം ഈ ചുമതലയിൽ നിന്നും ബഹു. അച്ചൻ ഇപ്പോൾ വിരമിച്ചിരിക്കുകയാണ്. കഴിഞ്ഞ അര നൂറ്റാണ്ടുകാലം വൈദികവൃത്തിയിൽ ശ്രേഷ്ഠമായ സേവനം ചെയ്ത ബഹു. അച്ചൻ മാതൃ ഇടവകയോട് കാണിച്ചിട്ടുള്ള എല്ലാ സ്നേഹബഹുമാനത്തിനും ഇടവക നിസീമമായ നന്ദി രേഖപ്പെടുത്തുന്നു. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. അച്ചന് ശിഷ്ഠായുസ്സിൽ എല്ലാവിധ ദൈവിക നന്മകളും ആയുരാരോഗ്യ സൗഖ്യവും കരുണാമയനായ ദൈവം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



തെക്കേക്കരയിലായ
വഴണത്തോട്ടം കുടുംബയോഗം പ്രസിഡന്റ് ആയിരിക്കുന്ന
ജേക്കബ് അച്ചന് കുടുംബാംഗങ്ങളുടെ ഹൃദയംഗമമായ
ജൂബിലി ആശംസകൾ. കഴിഞ്ഞ കാലത്തെ ഓർത്ത്
ദൈവത്തെ സ്തുതിക്കുന്നു. ക്ഷേമകരമായ ഭാവിജീവിതത്തി
നായുള്ള പ്രാർത്ഥനയോടെ



വാലയിൽ, നെടുവയലിൽ, വഴണത്തോട്ടം ഉപശാഖകൾ.

# കാരാട്ടുകുന്നേൽ പള്ളി കുന്നിൻ മുകളിലെ പ്രകാശം

**കുറിയാക്കോസ് കെ. ഏബ്രഹാം**
(കൺവീനർ, ശതാബ്ദി എക്സിക്യൂട്ടീവ് കമ്മറ്റി)

**1911–ൽ** സ്ഥാപിതമായ നമ്മുടെ ദേവാലയം 100 സംവത്സരങ്ങൾ പിന്നിടുന്ന ചരിത്ര മുഹൂർത്തത്തെ വരവേൽക്കുവാൻ ഒരുങ്ങുന്ന ഈ സമയത്ത് അടുത്ത നൂറ്റാണ്ടിന്റെ ആവശ്യങ്ങൾ മുന്നിൽ കണ്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ഏതാനും വാക്കുകൾ.

നമ്മുടെ ദേവാലയത്തിന്റെ സമഗ്രവും സമ്പൂർണ വുമായ വികസനത്തിനായി ഒരു പദ്ധതി തയാറാക്കണം എന്ന ചിന്ത നമ്മുടെ മുൻ വികാരിയായിരുന്ന ഓമത്തിൽ ബഹു. ഒ. എസ്. കുറിയാക്കോസ് അച്ചനുമായി പങ്കുവച്ചപ്പോൾ അത് അദ്ദേഹം സന്തോഷത്തോടെ സ്വീകരിക്കുകയും പരിപൂർണ പിന്തുണ നൽകുകയും ചെയ്തു. തുടർന്നു നമ്മുടെ ഇടവക പൊതുയോഗം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഒരു കമ്മറ്റിയെ നിയോഗിക്കുകയും, കമ്മിറ്റി കോട്ടയത്തെ പ്രമുഖ ആർക്കിടെക് ആയ ശ്രീ. ഷോഭക് തോമസിന്റെ സഹായത്തോടെ 40 ലക്ഷം രൂപായുടെ ഒരു മാസ്റ്റർപ്ലാൻ തയാറാക്കി ഇടവക യോഗത്തിൽ അവതരിപ്പിക്കുകയും ഇടവക യോഗം അത് അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഈ പദ്ധതികളുടെ നടത്തിപ്പിനായി ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയെയും തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് കമ്മറ്റി 2006 നവംബർ മാസം മുതൽ പ്രവർത്തനം തുടങ്ങി ആദ്യ പദ്ധതിയായ കൽക്കുരിശ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം രണ്ട് മാസം കൊണ്ട് പൂർത്തിയാക്കി 2007 ജനുവരി 6-ാം തീയ്യതി കൂദാശ ചെയ്യപ്പെട്ട കൽക്കുരിശ് സംഭാവന ചെയ്ത കുടുംബത്തേയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും ചെയ്ത ബഹു. ഒ. എസ്. കുറിയാക്കോസ് അച്ചനെയും ഇടവക എന്നും നന്ദിയോടെ സ്മരിക്കും.

രണ്ടാമതായി കൽക്കുരിശിന് ചുറ്റും അർദ്ധവൃത്താകൃതിയിൽ പള്ളിയിലേക്ക് കയറുന്നതിനായി മനോഹരമായ നട നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. പഴയ നട പൊളിച്ചു മാറ്റി പള്ളിയുടെ മുൻവശത്തു കൂട്ടിയിരുന്ന മണ്ണു നീക്കി പാർക്കിംഗ് ഏരിയായിൽ സംഭരിച്ചു (ഈ മണ്ണ് പിന്നീട് പള്ളിയുടെ താഴോട്ടുള്ള റോഡിന്റെ നിർമാണത്തിനായി ഉപയോഗിച്ചു).

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും തളരാതെ എക്സിക്യൂട്ടീവ് കമ്മറ്റി പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയി. ഇപ്പോഴത്തെ നമ്മുടെ വികാരി ഫാ. തോമസ് ആൻഡ്രൂസ് ചുമതലയേറ്റത് പ്രവർത്തകർക്ക് ഉണർവേകി, എങ്കിലും സാമ്പത്തിക പ്രതിസന്ധികളിൽ നിന്നും കരകയറാൻ മാസങ്ങൾ വേണ്ടി വന്നു.

സിമന്റ്, കമ്പി, കാസ്റ്റ് അയൺ ഗ്രിൽ എന്നിവ കടമായി വാങ്ങി 2008-ലെ ദനഹാ പെരുന്നാളിനു മുമ്പായി നടയുടെ പണികൾ പൂർത്തിയാക്കി. ഈ അവസരത്തിൽ സഹായിച്ച സ്ഥാപനങ്ങളെയും വ്യക്തികളെയും നന്ദി അറിയിക്കട്ടെ.

ഇടവകയുടെ എക്കാലത്തെയും സ്വപ്നമായിരുന്നു പള്ളിയിലേക്കുള്ള റോഡ്. കഷ്ടിച്ചു ഒരു വാഹനത്തിനു മാത്രം കടന്നുവരുവാൻ മാത്രം വീതിയുള്ള പള്ളിയുടെ തെക്കോട്ടുള്ള വഴി വീതികൂട്ടി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ബഹു. ഓമത്തിലച്ചന്റെ നേതൃത്വത്തിൽ തന്നെ തുടങ്ങിവച്ചിരുന്നു. എന്നാൽ എല്ലാ സ്ഥല ഉടമകളും സമ്മതപത്രം നൽകാതിരുന്നതിനെ തുടർന്ന് ഇടവകയോഗത്തിന്റെ നിർദേശാനുസരണം നമ്മുടെ താഴത്തെ കുരിശിൻതൊട്ടിയുടെ സമീപത്തേക്കുള്ള റോഡ് വീതികൂട്ടി കോൺ ക്രീറ്റ് ചെയ്യുവാൻ തീരുമാനിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുകയും ചെയ്തു. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇടവകയിലെ ധാരാളം ആളുകൾ ദിവസങ്ങളോളം കഠിനാധ്വാനം ചെയ്തും സാമ്പത്തികമായും സഹകരിച്ചത് എക്കാലവും സ്മരിക്കേണ്ടതാണ്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ റോഡ്സ് വിഭാഗം അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. സുരേന്ദ്ര ബാബുവിന്റെ നിർദേശങ്ങൾ അനുസരിച്ചാണ് നിർമാണം നടത്തുന്നത്. ഓഗസ്റ്റിലെ പെരുന്നാളിനു ശേഷം ഉടൻ തന്നെ 1-ാം ഘട്ടം കോൺക്രീറ്റ് നടത്തണമെന്ന് ആഗ്രഹിക്കുന്നു.



**കുറിയാക്കോസ് കെ. ഏബ്രഹാം കാരയ്ക്കലോലിക്കൽ**
(കൺവീനർ, ശതാബ്ദി എക്സിക്യൂട്ടീവ് കമ്മറ്റി)



**മാത്യു വി. എം. വാലയിൽ**
(ജോ. കൺവീനർ, ശതാബ്ദി എക്സിക്യൂട്ടീവ് കമ്മറ്റി)

തൂത്തൂട്ടി മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ മുറ്റം ടൈൽസ് പാകി ഭംഗിയാക്കി. പള്ളിയുടെ താഴത്തെ കുരിശുംതൊട്ടിക്കൽ ഒരു കിണർ കുത്തി മോട്ടർ സ്ഥാപിച്ചു. ഇത് നമ്മുടെ ജലക്ഷാമത്തിനു ശാശ്വത പരിഹാരമായിത്തീർന്നു. പള്ളിയുടെ മേൽക്കൂര സീലിംഗ് ചെയ്തു ഭംഗിയാക്കി. ഈ കാര്യങ്ങളെല്ലാം പരിപൂർണമായി ഏറ്റെടുത്തു നടത്തിത്തന്ന കുടുംബങ്ങളോടും വ്യക്തികളോടുമുള്ള നന്ദി അറിയിക്കട്ടെ.





**ശതാബ്ദിയോടനുബന്ധിച്ചുള്ള ഫണ്ട് ശേഖരണത്തിന്റെ (ആദ്യ ഗഡു) ഉദ്ഘാടനം അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി കുരിശിൻതൊട്ടി നിർമ്മാണത്തിനുള്ള ആദ്യ വിഹിതം ബഹു. ജേക്കബ് അച്ചനിൽ നിന്ന് സ്വീകരിച്ചുകൊണ്ട് നിർവ്വഹിക്കുന്നു**

പള്ളിയുടെ മുൻ ഭാഗത്തെ പഴയ കയ്യാലകൾ പൊളിച്ചു മാറ്റി കരിങ്കൽ മതിൽ കെട്ടി ഭംഗിയാക്കി. ഇനിയും ഇതിനു മുകളിലായി കാസ്റ്റ് അയൺ ഗ്രിൽ പിടിപ്പിക്കുകയും ലൈറ്റുകൾ സ്ഥാപിക്കുകയും ഈ സ്ഥലങ്ങളിൽ മനോഹരമായ ഉദ്യാനം നിർമിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നു.

താഴത്തെ നട ഭംഗിയായി പഴമ നിലനിർത്തിക്കൊണ്ടുതന്നെ പുനർ നിർമിക്കുന്ന പണികൾ നടക്കുന്നു.

കൽക്കുരിശിന്റെ ചുറ്റും മുൻ ഭാഗത്ത് കരിങ്കൽ പാകുന്ന പണികൾ ഏതാണ്ട് പൂർത്തിയായി.

കൽക്കുരിശിന്റെ പിൻഭാഗം ബാഗ്ലൂർ സ്റ്റോൺ പതിച്ചു ഭംഗിയാക്കി. ചുറ്റുമുള്ള നട ടൈൽ പതിപ്പിച്ചു. പെയിന്റിംഗ്, ലൈറ്റിംഗ് ജോലികൾ നടന്നു കൊണ്ടിരിക്കുന്നു.

പള്ളിയകത്തെ പഴയ വയറിംഗ് മാറ്റി ചെയ്ത് 3 ഫേസ് കണക്ഷൻ എടുക്കുന്നതിനുള്ള പണികൾ നടക്കുന്നു. സീലിംഗ് ഫാനുകൾ പുതിയവ 18 എണ്ണം ഇടുകയും 8 ക്ലസ്റ്റർ ലൈറ്റുകൾ പുതുതായി ഇടുകയും ചെയ്തു. ഇവയെല്ലാം സംഭാവനയായി നൽകിയവരെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

പള്ളിയകം ഗ്രാനൈറ്റ് ഇടുന്നതിനും സൈഡ് ഭിത്തിയിൽ 6 അടി ഉയരത്തിൽ ടൈൽസ് പതിക്കുന്നതിനും പള്ളിയുടെ താഴത്തെ കുരിശിൻതൊട്ടി പുനർ നിർമ്മിക്കുന്നതിനുമുള്ള ചെലവുകൾ ഇതിനോടകം സ്പോൺസർ ചെയ്യപ്പെട്ടു കഴിഞ്ഞു. പള്ളിയകത്തെ കാർപെറ്റ് മാറ്റി പുതിയത് വിരിക്കുക, ഹൈക്കല (നമസ്കാര സ്ഥലം) മനോഹരമാക്കുക, പള്ളിമുറ്റം ടൈൽസ് പാകുക എന്നിവയും ഈ വർഷം ചെയ്യാനാഗ്രഹിക്കുന്നു. നമ്മുടെ പള്ളിയുടെ അന്തസിനൊത്തവിധം പള്ളി ഓഫീസ് പുനരുദ്ധരിക്കേണ്ടതും അത്യാവശ്യമാണ്.

ഈ പണികൾക്കെല്ലാമായി ഈ വർഷം 20 ലക്ഷം രൂപ ആവശ്യമാണ്. ഓഗസ്റ്റ് 3-ാം തീയതി നടത്തിയ കളക്ഷനിൽ 4 ലക്ഷം രൂപാ പിരിഞ്ഞു കിട്ടി. 6 ലക്ഷം രൂപാ വാഗ്ദാനമായും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 10 ലക്ഷം രൂപാ കൂടി ഈ വർഷം കണ്ടെത്തേണ്ടതാണ്. ഇതുവരെയുള്ള എല്ലാ കാര്യങ്ങളും പരിശുദ്ധ ദൈവമാതാവിന്റെ അനുഗ്രഹത്താൽ ഭംഗിയായി. തുടർന്നുള്ള കാര്യങ്ങളും പരി. മാതാവിന്റെ മദ്ധ്യസ്ഥതയാൽ നടക്കുമെന്ന് പൂർണ വിശ്വാസമുണ്ട്.

പണത്തേക്കാളുപരി എല്ലാവരുടെയും സഹകരണമാണ് ആവശ്യം അതിനാൽ നമ്മുടെ ദേവാലയത്തിന്റെ ഉന്നമനത്തിനായി എല്ലാവർക്കും ഒറ്റക്കെട്ടായി നമ്മെ സ്നേഹിക്കുന്ന നമുക്കു വേണ്ടി മുഴുവൻ സമയവും നീക്കി വച്ചിരിക്കുന്ന നമ്മുടെ വികാരിയച്ചനോടൊപ്പം മുന്നേറാം. ❑

VEESCO M Sand
HIGH QUALITY SAND FOR HIGH-TECH CONSTRUCTION

വീസ്കോ എം. സാൻഡ്

ആറ്റുമണലിനെക്കാൾ ദൃഢം സാങ്കേതികതയുടെ പിൻബലം

Vettoor Construction, T B Road, Kottayam

Phone Factory: 0481-2340010 Mob: 9349517003, 9349517004

**വാർത്തകൾ**

## യുവജനവാരം

അമയന്നൂർ കാരാട്ട് കുന്നേൽ സെന്റ് മേരീസ് യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ 2008 സെപ്റ്റംബർ 7 മുതൽ 14 വരെ യുവജന വാരാമായി ആഘോഷിക്കുന്നു. 2008 സെപ്റ്റംബർ 7-ാം തീയ്യതി ഫാ. തോമസ് ആൻഡ്രൂസ് യുവജനവാരം ഉദ്ഘാടനം ചെയ്യും.

8-ാം തീയതി മുതൽ 10-ാം തീയതി വരെ ഷട്ടിൽ ടൂർണമെന്റ്, 13-ാം തീയ്യതി - കോട്ടയം, കോട്ടയം -സെൻട്രൽ ഭദ്രാസന സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി തേക്കുങ്കൽ ലിജൻ മാത്യു മെമ്മോറിയൽ സംഗീതമത്സരം, ഭവന സന്ദർശനം, നിർധനർക്ക് സൗജന്യ ഭക്ഷണം 14-ന് ഇടവക തല ക്വിസ് മത്സരം എന്നിവയാണ് വാരാഘോഷ പരിപാടികൾ.

## സെറ്റ് ബുക്ക് വിതരണം

അമയന്നൂർ: കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നിർധനരായ 32 വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ ബുക്കുകൾ വിതരണം ചെയ്തു.


## വിവാഹ ധനസഹായം

2007-08 വർഷത്തിൽ നിർധനരായ ഇടവകാംഗങ്ങൾക്കും, ഇടവകയ്ക്ക് പുറത്തു നിന്ന് ഒരാൾക്കും വിവാഹ ആവശ്യത്തിനായി 20000/- രൂപാ നൽകുവാൻ സാധിച്ചു. ടിൻ കളക്ഷനിൽ നിന്നാണ് ഈ തുക സമാഹരിച്ചത്.

## ചികിത്സാ സഹായം

കഴിഞ്ഞ പ്രവർത്തന വർഷത്തിൽ 3500 രൂപാ നിർധനരായ രോഗികൾക്ക് നല്കി.

**വിവാഹ മംഗളാശംസകൾ**



മനോജ് കെ. ഉമ്മൻ വേങ്കടത്ത്
റിന്റു കുറിയാക്കോസ് പുറങ്കാവിൽ

"വി. ദൈവമാതാവിന്റെ മദ്ധ്യസ്ഥത കാവലും കോട്ടയുമായിരിക്കട്ടെ"

എല്ലാ വായനക്കാർക്കും ദർശനത്തിന്റെ പെരുന്നാൾ, സ്വാതന്ത്ര്യദിന, തിരുവോണാശംസകൾ

## ജീവനുള്ള പ്രത്യാശ

*(മൂന്നാം പേജിൽ നിന്നും തുടർച്ച)*

ദൈവം തന്നിരിക്കുന്നത് (1 കോരി 15:19). നമ്മുടെ പിതാക്കന്മാർക്ക് ഈ സമൃദ്ധമായ ജീവന്റെ പ്രത്യാശ നല്കിയിരിക്കുന്നു എന്ന് പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നു (അപ്പോ :പ്രവൃ 26:7). ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന ഈ പ്രത്യാശ ഉറപ്പുള്ളതും സ്ഥിരവും തിരശ്ശീലക്കകത്തേക്ക് പ്രവേശിക്കുന്നതുമാണ് (എബ്രായർ 6:19). കാണാത്ത ഈ പ്രത്യാശ (ൗിലെലി വീുല) (റോമ 8:24). രക്ഷ നൽകുന്ന പ്രത്യാശയാണ് (മെ്ശിഴ വീുല) (1 തെസ്സ 5:8). പരിശുദ്ധ ദൈവമാതാവ് നിത്യതയുടെ മടിയിൽ വസിക്കുന്നതു പോലെ നമുക്കും പ്രത്യാശയിലൂടെ നിത്യ കൂടാരത്തിലേക്ക് കടക്കാം. കർത്താവ് പ്രത്യാശയുടെ വാതിൽ (വേല റീൗ ീള വീുല) (ഹോരേയ 2:15) തുറന്നു തന്ന് നമ്മെ അതിൽ നിറക്കട്ടെ. "പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പ്രത്യാശയിൽ സമൃദ്ധരായി വളർന്നാൽ സന്തോഷവും സാധാനവും നമുക്ക് ലഭ്യമാകും" (റോമ 15:13) എന്ന് പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു.

ദൈവപ്രത്യാശ ഒരുനാളും ഉതിർന്ന് പോകുന്നില്ല അത് എന്നേക്കും നിലനിൽക്കുന്നു (1 കോരി 13:13, തീത്തോസ് 3:6).

പരിശുദ്ധാത്മാവിനെപ്പോലെ കഷ്ടതയിലും (റോമർ 5:3-4) പ്രത്യാശയിലൂടെ നിത്യസന്തോഷത്തിലേക്ക് നമുക്കും യാത്ര ചെയ്യാം. ഈ പ്രത്യാശയെക്കുറിച്ച് ആരെങ്കിലും ന്യായം ചോദിച്ചാൽ അതിന് പ്രതിവാദം പറയുവാൻ നാം ഒരുങ്ങിയിരിക്കണമെന്ന് പരിശുദ്ധനായ പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു (1 പത്രോസ് 3:15). അങ്ങനെ ലോകത്തിലുള്ള സകലതിനെയും ജയിക്കുന്ന വിജയ പ്രത്യാശ നമ്മെ ധന്യരാക്കട്ടെ. ❑

## യുവജനവാരം

മണർകാട്: യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 7-14 വരെ യുവജനവാരം വിപുലമായ പരിപാടികളോടെ നടത്തപ്പെടും.

സമാപനത്തോടനുബന്ധിച്ച് മണർകാട് ഡിസ്ട്രിക്റ്റിലെ വടക്കൻമണ്ണൂർ പള്ളിയിൽ വച്ച് ദ്വിദിന ക്യാമ്പ് നടക്കും.



ഡിസ്ട്രിക് പ്രവർത്തനോദ്ഘാടനം ഭദ്രാസന സെക്രട്ടറി കെ. കെ. തോമസ് നിർവ്വഹിക്കുന്നു, ഡോ. ജേക്കബ് മണ്ണുമൂട്, അനിൽ മോൻ, ഫാ. മാത്യു. കെ. ജോൺ, ഫാ. കുറിയാക്കോസ് മാണി, ജിൻസി സാജൻ, മാത്യു പൈലി, അനീഷ് മാത്യു തുടങ്ങിയവർ

## പ്രവർത്തനോദ്ഘാടനം

അമയന്നൂർ: ഓർത്തഡോക്സ് ക്രൈസ്ത യുവജന പ്രസ്ഥാനം മണ ർകാട് ഡിസ്ട്രിക്ട് പ്രവർ ത്തനോദ്ഘാടനവും ഓറിയന്റേഷൻ പ്രോഗ്രാമും നടന്നു. കുർബാനയ്ക്കും ക്ലാസിനും ഫാ. ഡോ. വി.എം. എബ്രഹാം നേതൃത്വം നൽകി. പ്രസിഡന്റ് ഫാ. കുറിയാക്കോസ് മാണിയുടെ അദ്ധ്യക്ഷതയിൽ യുവജന പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി കെ. കെ. തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. മാത്യു കെ. ജോൺ, ഡോ. ജേക്കബ് മണ്ണുമ്മൂട്, ജിൻസി സാജൻ, അനിൽ മോൻ, മാത്യു പൈലി, ഷൈജു എബ്രഹാം, അനീഷ് മാത്യു, ബോബിൻ കെ. മാണി തുടങ്ങിയവർ പ്രസംഗിച്ചു.

## പെയിൻ & പാലിയേറ്റീവ് യൂണിറ്റ്

തിരുവഞ്ചൂർ: കോഴിക്കോട് പെയിൻ & പാലിയേറ്റീവ് യൂണിറ്റിന്റെയും, മലയാള മനോരമയുടെയും സഹകരണത്തോടുകൂടി തിരുവഞ്ചൂർ തൂത്തൂട്ടി മോർ ഗ്രിഗോറിയൻ സെന്ററിൽ പെയിൻ & പാലിയേറ്റീവ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ ശയ്യാലംബരായ മുഴുവൻ രോഗികളെയും ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ സന്ദർശിക്കുകയും പുതുപ്പള്ളി മന്ദിരം പെയിൻ & പാലിയേറ്റീവ് യൂണിറ്റിലെ ഡോ; കോയാകുട്ടിയുടെ നേതൃത്വത്തിലുള്ള വിദഗ്ദസംഘം പരിശോധിക്കുകയും, ചികിത്സ നിശ്ചയിച്ച് മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

ഈ യൂണിറ്റിൽ പരിശീലനം ലഭിച്ച 54 വോളണ്ടിയർമാർ പ്രവർത്തിക്കുന്നു.

ഫണ്ട് സ്വരൂപിക്കുന്നതിനായി കളക്ഷൻ ബോക്സുകൾ വിവിധ സ്ഥാപനങ്ങളിലും ഭവനങ്ങളിലും വെയ്ക്കുവാനും തീരുമാനിച്ചു. ബോക്സ് ആവശ്യമുള്ളവർ യൂണിറ്റ് ട്രഷറർ പി. കെ. സ്കറിയായെ (ഫോൺ നമ്പർ: 2545305) ബന്ധപ്പെട്ട് വാങ്ങാവുന്നതാണ്.

ഭാരവാഹികളായി റവ: ഫാ: സക്കറിയാ തേറാമ്പിൽ (പ്രസിഡന്റ്), വൈ: പ്രസിഡന്റുമാരായി ജില്ലാ പഞ്ചായത്ത് അംഗം ഫ്ളോറി മാത്യു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ റ്റി. ആർ. രഘുനാഥൻ, പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ ജോർജുകുട്ടി, സെക്രട്ടറിയായി ഡായി റ്റി. ഏബ്രഹാം, ജോയിന്റ് സെക്രട്ടറിയായി എം. ഇ. സൂസമ്മ, ഏബ്രഹാം ജോസഫ് (ഗ്രാമ പഞ്ചായത്ത് മെമ്പർ), ട്രഷററായി പി. കെ. സ്കറിയാ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായി പഞ്ചായത്തംഗങ്ങളായ കെ. വി. ഹരിദാസ്, ലൈസാമ്മ ബാബു, തിരുവഞ്ചൂർ ജൂവൈനൽ ഹോം മുൻ സൂപ്രണ്ട് പി.കെ. അലക്സാണ്ടർ എന്നിവരെയും, കമ്മറ്റി അംഗങ്ങളായി മുഴുവൻ വോളണ്ടിയർമാരെയും തെരഞ്ഞെടുത്തു.

## ഭദ്രാസന നേതൃയോഗം

കോട്ടയം: യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസന നേതൃയോഗം ഓഗസ്റ്റ് 23-ന് 2 മണിക്ക് കെ. എം. ജി. സെന്ററിൽ വച്ച് നടത്തപ്പെടും. സെക്രട്ടറി, ജോ. സെക്രട്ടറി, വൈസ് പ്രസിഡണ്ട് എന്നിവരുൾപ്പെടെ അഞ്ച് പേർ വീതം ഓരോ യൂണിറ്റിൽ നിന്നും പങ്കെടുക്കും.

## ചരിത്ര നിമിഷം

2008 ആഗസ്റ്റ് 3-തീയ്യതി ഞായറാഴ്ച യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ശൂനോയോ സംഗമം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ശൂനോയോ സംഗമത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമായാണ് പള്ളിയിൽ വച്ച് ശൂനോയോ സംഗമം നടത്തപ്പെടുന്നത്. തൃക്കുന്നത്ത് സെമിനാരി മാനേജർ റവ. ഫാ. മത്തായി ഇടയനാൽ വചന പ്രഘോഷണം നടത്തി.

സ്നേഹസ്മരണയ്ക്ക്



വേർപാടിന്റെ പത്താം വർഷം (2-9-08)

ശോശാമ്മ ഏബ്രഹാം
വഴനതോട്ടത്തിൽ, തെക്കേവാലേൽ
By മക്കളും കൊച്ചുമക്കളും

സ്നേഹസ്മരണയ്ക്ക്




വേർപാടിന്റെ 94-ാം ദിനം

മരണം: 14-5-08

അന്നമ്മ മാണി
ഉതുപ്പാൻപറമ്പിൽ
By മക്കളും കൊച്ചുമക്കളും

സ്നേഹസ്മരണയ്ക്ക്

ഒന്നാം ചരമ വാർഷികം



ചാക്കോ ചെറിയാൻ
തൈപ്പറമ്പിൽ
By മക്കളും കൊച്ചുമക്കളും

Printed and Published by Fr. Thomas Andrews, President St. Mary's Youth Movement, Karattukunnel. Editor: Sleeba C. Abraham
E-mail Address: darshanamkarattukunnel@yahoo.com Printed at Sophia Print House, Kottayam, Ph: 0481 - 3255054, 99471 20697